**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6471** **10-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികളുടെ ഉന്നതവിദ്യാഭ്യാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി, പട്ടികവർഗ്ഗ ,പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിനായി നടപ്പാക്കിയ പദ്ധതികളുടെയും ഗുണഭോക്താക്കളുടെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ശാക്തീകരിക്കുന്നതിനായി വിദ്യാഭ്യാസ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br>2. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്<br>3. ഇതര സംസ്ഥാന പഠനം<br>4. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br>5. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം<br>6. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.<br>7. ലാപ്ടോപ്പ് വിതരണം<br>8. ലക്ഷ്യ -സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം<br>9.വിങ്ങ്സ്-വൈമാനിക പരിശീലന പരിപാടി<br>10. വിഷൻ- മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം |
| (ബി) | വിദേശത്ത് ഉന്നതപഠനം സാധ്യമാക്കുന്നതിനായി എത്ര കുട്ടികൾക്കാണ് സർക്കാർ സഹായം നൽകിയിട്ടുള്ളത്; എത്ര തുക വീതമാണ് ഇവർക്ക് നൽകിയിട്ടുള്ളത്; | (ബി) | ഓവർസീസ് സ്കോളർഷിപ്പ് മുഖേന നാളിതുവരെ 619 പട്ടികജാതി വിദ്യാർത്ഥികളും 41 പട്ടികവർഗ്ഗ വിദ്യാർത്ഥികളും 57 പിന്നാക്ക വിഭാഗ വിദ്യാർത്ഥികളും ഉൾപ്പെടെ 717 വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കാൻ അവസരം ലഭ്യമാക്കി. |

| | | | |
|---|---|---|---|
| | | | പി.ജി., പി.ജി.ഡിപ്ലോമ., എംഫിൽ, പി.എച്ച്.ഡി , പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാമുകൾ തുടങ്ങിയ കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുക. 12 ലക്ഷം രൂപാ വരെ വാർഷിക വരുമാനമുള്ള 175 പട്ടികജാതി വിദ്യാർത്ഥികൾക്ക് പരമാവധി 25 ലക്ഷം രൂപയും, 12 ലക്ഷം-20 ലക്ഷത്തിന് താഴെ വാർഷിക വരുമാനമുള്ള 25 പട്ടികജാതി വിദ്യാർത്ഥികൾക്ക് പരമാവധി 20ലക്ഷം രൂപയും, 20 ലക്ഷത്തിനു മുകളിൽ വാർഷിക വരുമാനമുള്ള 25 പട്ടികജാതി വിദ്യാർത്ഥികൾക്ക് 15 ലക്ഷം രൂപയും ലഭിക്കും. വരുമാന പരിധിയില്ലാതെ 50 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 25 ലക്ഷം രൂപയും ലഭിക്കും. |
| (സി) | പൈലറ്റ് കോഴ്സ് പഠനത്തിനായി എത്ര കുട്ടികൾക്ക് എത്ര രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പത്ത് പട്ടികജാതി വിദ്യാർത്ഥികൾക്ക് 89,47,020/- രൂപയും രണ്ട് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 8,40,000/- രൂപയും മൂന്ന് ഒ.ഇ.സി വിദ്യാർത്ഥികൾക്ക് 33,54,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഉന്നതി സ്കോളർഷിപ്പ് ലഭിക്കുന്നതിന് നിലവിൽ അപേക്ഷകൾ തീർപ്പാകാതെ ഉണ്ടോ; എങ്കിൽ എത്ര അപേക്ഷകളാണ് തീർപ്പാകാതെയുള്ളത്; ഇവ ഏത് വർഷം ലഭിച്ച അപേക്ഷകളാണ്; ഇവർക്ക് പഠനം സാധ്യമാക്കുന്നതിന് അടിയന്തരമായി ഫണ്ട് ലഭ്യമാക്കുവാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ